# മലയാളപ്പച്ച
# *malayala pachcha*

റിസേർച്ച് ജേണൽ: ഭാഷ, സാഹിത്യം, സംസ്കാരം

**3-ാം ലക്കം**

## വര മൊഴികൾ



പ്രസാധനം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

2016

# കാഴ്ചയുടെ പുല്ലിംഗപാഠം :
## നവോത്ഥാന ആധുനിക കവിതാപഠനം

**ഹരിദാസ്. കെ**
കിഴക്കേ മഴുവഞ്ചേരിൽ, അറക്കുളം പി.ഒ., ഇടുക്കി ജില്ല.

ഒരു സാംസ്കാരിക ഉല്പന്നമെന്ന നിലയിൽ ഏതു സാഹിത്യവും സമൂഹത്തിന്റെ എല്ലാത്തരം വൈരുധ്യങ്ങളേയും പ്രതിനിധാനം ചെയ്യുന്നുണ്ട്. സ്ത്രീ/പുരുഷൻഎന്ന ദ്വന്ദ്വത്തിന് കേരളീയാധുനികതയുടെ രൂപപ്പെടലിന്റെ ഘട്ടം മുതൽഎങ്ങനെയാണ് സാഹിത്യപാഠങ്ങളിൽ ഇടപെടാൻ കഴിഞ്ഞത് എന്നത് പ്രസക്തമായ ചർച്ചാവിഷയമാണ്. പാഠം അതിന്റെ പ്രതിനിധാനശക്തി കൊണ്ടാണ് വായനക്കാരനെ വായനയിൽനിലനിർത്തുന്നത്. അതുകൊണ്ട് സമകാലികമായ വായന സ്ത്രീ/പുരുഷ ദ്വന്ദ്വങ്ങളുടെ ചരിത്രപാഠങ്ങൾ സാഹിത്യകൃതികളിൽ വായിക്കാൻ ശ്രമിക്കുന്നുണ്ട്. മലയാള കവിതയുടെ ആധുനികഘട്ടം മുതൽ കാഴ്ചയുടെ കർതൃത്വം, കാഴ്ചയുടെ വിഷയം എന്നീ ദ്വന്ദ്വങ്ങൾ എങ്ങനെയാണ് അധികാരപരമായി സ്ത്രീ/പുരുഷ ദ്വന്ദ്വങ്ങളായി ഭാഷയിൽഉരുത്തിരിഞ്ഞു വന്നത് എന്ന് പരിശോധിക്കുകയാണ് ഇവിടെ ചെയ്യുന്നത്. അതോടൊപ്പം തന്നെ വായനക്കാർ പുരുഷാധികാരപരമായ ഒരു കർതൃസ്ഥാനം വായനയിലൂടെ സ്വീകരിക്കാൻ നിർബന്ധിതരായത് എങ്ങനെ എന്ന പരിശോധന കൂടിയാണ് നടത്തുന്നത്.

കാണപ്പെടുന്ന വസ്തുവും കാഴ്ചക്കാരനും തമ്മിലുള്ള വൈരുധ്യം ഒരു പാഠം നിർമിക്കുന്നുണ്ട്. ഈ പാഠത്തിന്റെ ഭാഗമായിത്തന്നെയാണ് കാഴ്ചക്കാരന്റെ കർതൃത്വം കാവ്യരൂപത്തിൽ നിർമിക്കപ്പെടുന്നത്. ഇത് കാഴ്ചയുടെ അധികാരമായി പാഠത്തിൽ ദ്വന്ദ്വങ്ങൾ സൃഷ്ടിക്കുന്നു. ആധുനികതയിലേക്ക് കടക്കുന്ന ഒരു സമൂഹത്തിൽ ഭാഷയ്ക്കുമേൽ അധികാരമുള്ള സമൂഹത്തിന്റെ കാഴ്ചയിൽ പെടാതിരിക്കുക എന്നതിനർത്ഥം ചരിത്രത്തിൽ ഇല്ലാതിരിക്കുക എന്നുതന്നെയാണ്. കാഴ്ചയുടെ



അധികാരത്തിലായിരിക്കുക എന്നതിനപ്പുറം, കാഴ്ചയുടെ വിഷയമാവുക എന്നതും ചരിത്രത്തിലേയ്ക്കുള്ള പ്രവേശനമാകുന്നു. അങ്ങനെ കാഴ്ച കാഴ്ചാധികാരത്തിന്റെതന്നെ വിമർശനമോ നിഷേധമോ ആയാണ് ഇവിടെ മാറുന്നത്. കാഴ്ചയുടെ നിഷേധത്തിന്റെ സൂചകങ്ങൾപോലും കാഴ്ച എന്ന ആധികാരികമായ ഇന്ദ്രിയാനുഭവത്തിന്റെ ഉള്ളിൽത്തന്നെയുള്ള വൈവിധ്യങ്ങളായാണ് ആഖ്യാനത്തിൽപ്രകടമാകുന്നത്. അങ്ങനെ ചരിത്രത്തിലേക്കുള്ള പ്രവേശനത്തോടൊപ്പംതന്നെ അധികാരത്തിന്റെ കീഴിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്ന പ്രവൃത്തികൂടിയാണ് സംഭവിക്കുന്നത്. ആ തരത്തിൽഭാഷയിൽ പ്രവർത്തിക്കുന്ന പുരുഷാധികാരമായി കാഴ്ചയുടെയും കാഴ്ചവസ്തുവിന്റെയും ദ്വന്ദ്വത്തെ മനസ്സിലാക്കേണ്ടതുണ്ട്.

ചിഹ്നങ്ങളിലേയ്ക്കും പ്രതീകങ്ങളിലേയ്ക്കും നയിക്കുന്ന പ്രാഥമികഘടകമാണ് കാഴ്ച. അതുകൊണ്ടാണ് ആദ്യകാലകവിതകൾമുതൽ സാഹിത്യം കൂടുതൽ കൂടുതൽ വർണ്ണനാപരമായിരുന്നത്. മലയാളസാഹിത്യത്തിന്റെ തുടക്കത്തിലെ സാഹിത്യമാതൃകകൾ പലതും പരിശോധിച്ചാൽ എങ്ങനെയാണ് കാഴ്ചയിലധിഷ്ഠിതമായ ഒരനുഭവത്തെ പിന്തുടരാനും ഭാഷയിലേക്ക് കൂട്ടിച്ചേർക്കാനും ശ്രമിച്ചിരുന്നത് എന്നു കണ്ടെത്താൻ കഴിയും. മലയാള കവിതയുടെയും ഗദ്യത്തിന്റെയും ആദ്യകാല മാതൃകയായ പ്രാചീനചമ്പുക്കൾ മുതൽ ഈ പ്രവണത കാണാം. അച്ചീചരിതങ്ങളുടെ പൊതുസ്വഭാവമായ വർണ്ണനാപരത ഇതിനുദാഹരണമായി പറയാം. കാഴ്ചകൾ കണ്ടുകണ്ടുപോകുന്ന രീതി സന്ദേശകാവ്യങ്ങളിലും ഉണ്ട്. ഇത് പൊതുവേ സംസ്കൃത കാവ്യങ്ങളുടെ സാമ്പ്രദായിക രീതി പിന്തുടർന്നതിന്റെ ഫലമായി രൂപപ്പെട്ടതാണ് എന്നു കരുതാം. ഇവിടെയൊന്നും കവികർതൃത്വം ആധുനിക വ്യക്തികർതൃത്വമായി നിലനില്ക്കുന്നില്ല. കവികർതൃത്വം കവിതയിൽത്തന്നെ സന്നിഹിതമാകുന്ന തരത്തിലുള്ള ആഖ്യാനങ്ങൾ ഉണ്ടാകുന്നത് മലയാളത്തിലെ പ്രീ റൊമാന്റിക് കാലഘട്ടം മുതൽക്കാണ്.

മലയാള കവിതയിൽ ആധുനികതയ്ക്കു തൊട്ടുമുമ്പുള്ള സാഹിത്യ പ്രസ്ഥാനങ്ങളിലൊന്ന് വെണ്മണി പ്രസ്ഥാനമാണ്. വെണ്മണി പ്രസ്ഥാനത്തിന്റെ ഒരു പ്രധാന സവിശേഷത മിത്തുകളിൽനിന്നും ഇതിഹാസപുരാണങ്ങളിൽനിന്നും സാമാന്യജീവിതക്കാഴ്ചകളിലേക്ക് കവിതയുടെ വിഷയം ഇറങ്ങിവന്നു എന്നതായിരുന്നു. ഇത് ഒരർഥത്തിൽ മിത്ത്, യാഥാർഥ്യം എന്നീ വൈരുധ്യങ്ങളോടു ബന്ധിച്ച് മനസ്സിലാക്കാവുന്നതാണ്. ഈ യാഥാർഥ്യബോധം ഭൗതികതയെയും ആധ്യാത്മികതയെയും വേർതിരിക്കുന്ന ഒരു യുക്തിയിലേക്കു നയിച്ചിട്ടുണ്ട്.

നൂനം ത്വൽപുരോഭ്രുവിൽസാധ്വിയാമെന്നമ്മയെ-
യാനനാവഗുണ്ഠനം നീക്കി ഞാൻ നിർത്തിത്തരാം.
കണ്ടിടാമപ്പോൾ തത്വം കണ്ണിന്നു; കൈക്കൊൾകെന്റെ
പണ്ടത്തെച്ചിത്രശാല നല്കുവോരാതിഥ്യത്തെ.

അമ്മയെ അഥവാ സ്ത്രീയെ മുഖപടംമാറ്റി കാഴ്ചയ്ക്കായി മുന്നോട്ടുനിർത്തുന്ന പുരുഷകർതൃത്വമായി കവി സ്വയം സ്ഥാനപ്പെടുന്നു. സ്ത്രീ മൂടുപടത്തിനുള്ളിലാണ് എന്ന് അംഗീകരിക്കുന്ന പരാമർശം യഥാർത്ഥത്തിൽ അബോധത്തിൽ കവിതയുടെ പ്രത്യക്ഷത്തിലുള്ള വാദമുഖങ്ങളെ റദ്ദു ചെയ്യുന്നുണ്ട്.

ദേശീയമായ എക്സിബിഷനിസ്റ്റ് രീതി നവോത്ഥാനത്തിന്റെ പ്രബലമായ ഒരാഖ്യാനരീതിയായിരുന്നുവെന്നത് വള്ളത്തോളിനെക്കുറിച്ചു പരാമർശിച്ചപ്പോൾ, ചർച്ചചെയ്തിട്ടുണ്ട്. വള്ളത്തോൾകവിതയിൽ കാണപ്പെടുന്നതുപോലെതന്നെയുള്ള ഈ എക്സിബിഷനിസ്റ്റ് ദേശീയബോധമാണ് 'ചിത്രശാല' എന്ന കവിതയുടെ ഭാവഘടനയെ നിർണയിച്ച അബോധം. നവോത്ഥാനകവിതയുടെ ഭാവഘടനയെ നിർണയിച്ച പലവിധ ഘടകങ്ങളിൽ കാഴ്ചാനുഭവനിഷ്ഠമായ ആഖ്യാനരീതിയോടൊപ്പം എങ്ങനെയാണ് പുരുഷാധികാരം ഭാഷയെത്തന്നെ നിയന്ത്രിച്ചത് എന്ന് ഇവിടെ മനസ്സിലാക്കാം.

ഇത്തരത്തിൽനവോത്ഥാനമൂല്യങ്ങൾക്ക് കാഴ്ചാനുഭവനിഷ്ഠമായ ഒരു കോയ്മയുണ്ടെന്നും അതിന് പുരുഷാധികാരപരമായ സ്വഭാവമാണുള്ളത് എന്നും ഇവ വായനയിലൂടെ ആ പുരുഷാധികാരത്തോടൊപ്പം നില്ക്കാൻ വായനക്കാരെ പ്രേരിപ്പിക്കുന്ന ഒരു പ്രത്യയശാസ്ത്രമായി ഭാഷയിൽ പ്രവർത്തിക്കുന്നുണ്ടെന്നും വിശദീകരിക്കുവാൻ ശ്രമിക്കുകയാണ് ചെയ്തത്.

## റെഫറൻസ്

1. കുഞ്ഞൻ പിള്ള, ഇളംകുളം, 2000, സംസ്കൃതമിശ്രശാഖ, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.
2. നാരായണൻ പോറ്റി, ചെങ്ങാരപ്പള്ളി, 1987, മലയാളസാഹിത്യസർവസ്വം, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ
3. ജോർജ്ജ് കെ.എം. (എഡി.), 2000,തമിഴ് മിശ്രസാഹിത്യം, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്.പി.സി.എസ്, കോട്ടയം.
4. കുഞ്ഞൻപിള്ള ഇളംകുളം, 2000, സംസ്കൃതമിശ്രശാഖ, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ജോർജ്ജ് കെ.എം. (എഡി.), എസ്.പി.സി.എസ് കോട്ടയം.



5. ബെഞ്ചമിൻ ഡി., 2009, കവിത, ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ജോർജ്ജ് കെ.എം. (എഡി.), ഡി.സി ബുക്സ്, കോട്ടയം.
6. നാരായണൻ അകവൂർ, 2008, വെണ്മണിപ്രസ്ഥാനം, എൻ.ബി.എസ്., കോട്ടയം
7. മാധവവാര്യർ മാടശ്ശേരി, 1952, കുഞ്ചന്റെശേഷം, എൻ.ബി.എസ്, കോട്ടയം
8. ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരള സാഹിത്യചരിത്രം, വാല്യം 4
9. രാമചന്ദ്രൻ നായർപന്മന (എഡി.), 2008,സമ്പൂർണ്ണമലയാളസാഹിത്യചരിത്രം, കറന്റ് ബുക്സ്, കോട്ടയം.
10. ഓ.എൻ.വി കുറുപ്പ് , 2003, ആമുഖം, വള്ളത്തോൾകവിതകൾ, ഡി.സി.ബുക്സ്, കോട്ടയം.
11. എം.എ. നജ്മം, 2008, കവിതയിലെ നാട്ടും നഗരവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
12. പി. പവിത്രൻ, 2002, ആശാൻകവിത ആധുനികാനന്തര പാഠങ്ങൾ, സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്.